# Athmaraksha.org

സന്ദേശം : യുവജനങ്ങൾ, മാതാപിതാക്കൾ, കുടുംബജീവിതക്കാർ

## സ്വന്തം അമ്മയോട് എന്നതുപോലെ പരിശുദ്ധ അമ്മയോട് സംസാരിക്കുക
## മാർപാപ്പയുടെ ലോകയുവജനദിന സന്ദേശം



വത്തിക്കാൻ: 2017-ലെ ലോക യുവജനദിനത്തോട് അനുബന്ധിച്ച് ഫ്രാൻസിസ് മാർപാപ്പയുടെ സന്ദേശം പ്രസിദ്ധീകരിച്ചു. ശക്തനായവൻ എനിക്ക് വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു എന്ന വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിലെ 1;49 വചനം അടിസ്ഥാനമാക്കിയാണ് സന്ദേശം.

മംഗളവാർത്ത ശ്രവിച്ച മാതാവ് തനിക്ക് ലഭിച്ചിരിക്കുന്ന വലിയ ദാനത്തെ ഓർത്ത് അഹങ്കരിക്കുകയോ വരാൻ പോകുന്ന വലിയ വെല്ലുവിളികളെയോർത്ത് നഷ്ടധൈര്യയാകുകയോ ചെയ്യുന്നില്ല എന്നും ഉടനടി ആവശ്യത്തിലിരിക്കുന്നവരുടെ സഹായത്തിനെത്തുകയാണ് മറിയം ചെയ്തതെന്നും പാപ്പ വിശദീകരിച്ചു. പരിശുദ്ധ അമ്മയോടുള്ള ബന്ധവും പരിചയവും സൗഹൃദവും പോഷിപ്പിക്കുന്നതിന് ഊന്നൽ കൊടുത്തുകൊണ്ടുള്ളതാണ് സന്ദേശം.

അവൾ നമ്മുടെ അമ്മയാണ്. നിങ്ങളുടെ അമ്മയോട് സംസാരിക്കുന്നതുപോലെ അവളോടും സംസാരിക്കുക. നിങ്ങളെ കേൾക്കുകയും നിങ്ങളെ ആലിംഗനം ചെയ്യുകയും നിങ്ങളെ സ്നേഹിച്ചുകൊണ്ട് നിങ്ങളോടൊപ്പം നടക്കുകയും ചെയ്യുന്ന അവൾ നല്ല അമ്മയാണ്. ഞാൻ നിങ്ങൾക്ക് ഉറപ്പുതരുന്നു. നിങ്ങൾ അങ്ങനെ ചെയ്താൽ അതിൽ നിങ്ങൾക്ക് ഖേദിക്കേണ്ടിവരികയില്ല. എന്ന് പറഞ്ഞാണ് പാപ്പ സന്ദേശം അവസാനിപ്പിക്കുന്നത്.

കടപ്പാട് : hrudayavayal.com